ഇവിടെ ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ഇവിടെ മെമ്പർ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല. ഈ ബെഞ്ച് അനുവദിക്കുന്നതിന് അനുകൂലമായിട്ടുള്ള നിലപാട് നേരത്തെതന്നെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ആ നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. തുടർന്നും അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് വളരെ വർഷങ്ങളായി നിലനിൽക്കുന്ന ഒരാവശ്യം അംഗീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിൽ 51(2) പ്രകാരം consultation with the Chief Justice എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. ചീഫ് ജസ്റ്റീസിന്റെ കൺസെന്റ് ആവശ്യമാണെന്നുള്ള തെറ്റായ വ്യാഖ്യാനം പ്രയോഗിച്ചു കൊണ്ടാണ് ഈ ദീർഘകാല ആവശ്യത്തിനെ വൈകിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാഷ്ട്രപതിയുടെ സാന്നിദ്ധ്യവും സംരക്ഷണവും തേടാൻവേണ്ടി സ്വീകരിച്ചിരിക്കുന്ന സമീപനം അഭിനന്ദനാർഹമാണ്. പക്ഷേ ആ പ്രതീക്ഷകൾ സഫലമാക്കുന്നതിനുവേണ്ടി മന്ത്രിസഭയുടേയും നമ്മുടെ എം.പി. മാരുടേയും കേന്ദ്ര ഗവൺമെന്റിന്റേയും സഹായത്തോടുകൂടി ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിശ്ചയമായിട്ടും സ്വീകരിക്കും അതിന്റെ നടപടിയുടെ ഒരു ഘട്ടംകൂടി മുന്നോട്ട്പോയിക്കൊണ്ടാണ് രാഷ്ട്രപതിക്ക് കത്ത് അയച്ചിരിക്കുന്നത്. ഇത് അംഗീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് സാദ്ധ്യമായിട്ടുള്ള എല്ലാ നടപടിയും സ്വീകരിക്കും.

IV. സബ്മിഷൻ

(1) നെല്ല് സംഭരണത്തിലെ സ്തംഭനാവസ്ഥ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ലുസംഭരിക്കുന്നതിന് ഗവൺമെന്റ് ഗുരുതരമായ വീഴ്ച്ച കാണിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി പാലക്കാട്, തൃശ്ശൂർ, കുട്ടനാട് മേഖലകളിലെ കൃഷിക്കാർ കൃഷി കഴിഞ്ഞ് നെല്ല് വിറ്റുകിട്ടുന്ന തുകകൊണ്ട് വായ്പ തിരിച്ചടയ്ക്കുന്നതിനും മറ്റ് കൃഷി ആവശ്യങ്ങൾക്ക് വേണ്ടിയിട്ടുള്ള ചെലവുകൾ ചെയ്യാനും യാതൊരു തരത്തിലും നിർവ്വാഹമില്ലാത്ത അവസ്ഥയിലായിരിക്കുകയാണ്. അവരെ വീണ്ടും കടക്കാരാക്കി മാറ്റുന്ന ഒരു സമീപനമാണ് കേരള ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് കൃഷിക്കാരുടെ പരാതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് കുറഞ്ഞത് മൂന്ന് ആഴ്ച്ച യെങ്കിലും ആയിക്കാണും. ഇപ്രാവശ്യത്തെ ഹാൻഡ്ലിംഗ് ചാർജ്ജ് കുടിശ്ശിക കൊടുക്കാനുള്ളതിന്റെ ഫലമായി സഹകരണ സ്ഥാപനങ്ങൾ നെല്ല് സംഭരിക്കുന്നില്ല. നെല്ല് സംഭരിച്ചാൽ സ്ഥിതി ഇതാകുമെന്ന ഉൽക്കണ്ഠമൂലം സഹകരണ സ്ഥാപനങ്ങൾ നെല്ല് സംഭരിക്കാതിരിക്കുകയുമാണ്. അതുമൂലം തമിഴ്നാട് മേഖലയിൽ നിന്ന് വലിയ കുത്തകക്കാരായിട്ടുള്ള കച്ചവടക്കാരെ കൊണ്ടുവന്ന് തുച്ഛമായ വിലയ്ക്ക് നെല്ല് കൊടുത്തു കൊണ്ടിരിക്കുകയാണ്. അവരുമായി മൽസരിച്ച് വീണ്ടും വിലകുറച്ച് വിൽക്കുന്നതിന്റെ ഫലമായി കൃഷിക്കാർ നഷ്ടത്തിനു പുറമെ കഷ്ടപ്പാടും അനുഭവിക്കേണ്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയാണ് ഇന്നുള്ളത്. അതിന് ഇനിയെങ്കിലും പരിഹാരം കാണാൻ ഹാൻഡ്ലിംഗ് ചാർജ്ജിന്റെ കുടിശ്ശിക ഉടനടി തീർത്ത് ആ സ്ഥാപനങ്ങൾ നെല്ല് സംഭരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭരിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കുത്തി അരിയാക്കി കൊടുക്കണം. നെല്ല് കുത്തി അരിയാക്കി കൊടുക്കുന്നതിന് കേരളത്തിലെ പല ജില്ലകളിലും സംവിധാനമുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നല്ല സാധനങ്ങൾ ജനങ്ങൾക്ക് നൽകുവാനും കഴിയും. ഇതിനെല്ലാം വ്യക്തമായ പ്ലാനോടുകൂടിയുള്ള ഒരു നടപടി തക്കസമയത്ത് നടത്തുന്നതിൽ കാണിച്ചു കൊണ്ടിരിക്കുന്ന നിരുത്തരവാദിത്വവും വീഴ്ച്ചയുമാണ് കൃഷിക്കാരെ ഈ വിധത്തിൽ ദുരിതത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നത്. അതിന് അടിയന്തിരമായ പരിഹാരമുണ്ടാക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കാർഷികോൽപ്പന്നങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനുവേണ്ടി മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിൽ നെല്ലിന്റെ വില നിയന്ത്രിച്ചു നിർത്താൻ കുറെക്കാലമായി ഗവൺമെന്റ് നടപടികൾ നടത്തുന്നുണ്ട്. ഇതിനുവേണ്ടി 2001-2002-ൽ മുന്നൂറ്റിയെൺപത്തി അഞ്ച് ലക്ഷം രൂപയും 2002-2003-ൽ ഇരുനൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപയും 2003-2004-ൽ മുന്നൂറ്റിയെൺപത് ലക്ഷം രൂപയും 2004-2005-ൽ മുന്നൂറ്റിയെൺപത് ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഹാൻഡ്ലിംഗ് ചാർജ്ജിനത്തിൽ വന്നത് പതിമൂന്ന് കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറിപതിനാല് രൂപയാണ്. സംസ്ഥാനത്ത് മൊത്തത്തിലുള്ള ഹാന്റിലിംഗ് ചാർജ്ജാണ് ഇത്. ഇതിനു വേണ്ടി അഡീഷണൽ ആതറൈസേഷൻ പ്രകാരം 10 കോടി രൂപ കിട്ടണമെന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എട്ടു കോടി രൂപ കിട്ടിയിട്ടുണ്ട്. മൂന്ന് പ്രാവശ്യമായിട്ടാണ് ഇത്രയും തുക കിട്ടിയിട്ടുള്ളത്. ഇപ്പോൾ കുടിശ്ശികയായിട്ടുള്ളത് ഒരുകോടി മുപ്പത്തിമൂന്ന് ലക്ഷം രൂപയാണ്. Trichur 2 കോടി 95 ലക്ഷം രൂപ, പാലക്കാട് മൂന്ന് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ, ആലപ്പുഴ ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷം രൂപ, കോട്ടയം മുപ്പത്തിയെട്ടു ലക്ഷം രൂപ, പത്തനംതിട്ട കണക്ക് കിട്ടിയിട്ടില്ല. ആകെ എട്ട് കോടി അൻപത്തിയൊന്ന് ലക്ഷം രൂപ. അവസാനം കിട്ടിയ പണം മാറുന്നതിനുവേണ്ടിയിട്ടുള്ള സംരംഭം നടക്കുകയാണ്. ഇതെയവസരത്തിൽ എല്ലാ ജില്ലകളിലും സഹകരണ സംഘങ്ങളും പാടശേഖര കമ്മിറ്റികളും നെല്ല് സംഭരിക്കുവാനാണ് പ്രിഫറൻസ് കൊടുത്തിരിക്കുന്നത്, സഹകരണ സംഘങ്ങൾക്കല്ല. പാടശേഖര കമ്മിറ്റികളുടെ സഹകരണത്തോടുകൂടി നെല്ല് എടുക്കുന്നതിനുവേണ്ടിയുള്ള സംരംഭം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ ഇടക്കാലത്ത് ഒരു സ്തംഭനാവസ്ഥ ഉണ്ടായിരുന്നത് മാറി. പക്ഷേ നെല്ലിന്റെ വില കഴിഞ്ഞകൊല്ലം പാലക്കാട് എണ്ണൂറു രൂപയായിരുന്നത് ഈ കൊല്ലം പുറം സംസ്ഥാനങ്ങളിൽ നല്ല കൃഷിയായിരുന്നതു കൊണ്ട് അവിടെ നിന്ന് നെല്ല് സംസ്ഥാനത്തേക്കു വരുന്നതുകാരണം എഴുന്നൂറ്റിയൻപത് രൂപ ആയിട്ടുണ്ട്. തൃശ്ശൂരിൽ എഴുന്നൂറ്റിയിരുപതും എഴുന്നൂറുമായി നിശ്ചയിച്ചു. ആലപ്പുഴ എഴുന്നൂറ്റിയെൺപത് രൂപയാണ്. കോട്ടയം എഴുന്നൂറ്റിയെൺപതാണ്. പത്തനംതിട്ടയിൽ അവർ നിശ്ചയിച്ച വിലയുടെ കണക്ക് കിട്ടിയിട്ടില്ല. സ്തംഭനാവസ്ഥ മാറിയിട്ടുണ്ട്. നെല്ല് എടുക്കുന്നതിനുള്ള സംരംഭം തുടങ്ങിയിട്ടുണ്ട്. ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല എന്ന് സഭയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, തൃശ്ശൂർ ടൗണിലുള്ള മെഡിക്കൽ കോളേജ് പത്തു കിലോമീറ്റർ ദൂരെയുള്ള മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റണമെന്ന ആവശ്യം വർഷങ്ങളായിട്ടുള്ളതാണ്. അതിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും അത് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ബഹുമാന്യനായ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. പി. ശങ്കരന്റെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ 2003 ആഗസ്റ്റിൽ ചേർന്ന യോഗത്തിൽ 2004 ജനുവരി ആദ്യം ഷിഫ്റ്റിംങ് യാഥാർത്ഥ്യമാകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പ്രവർത്തനങ്ങൾക്കൊക്കെ നേതൃത്വം നൽകിയത് ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കറും തൃശ്ശൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുമായ ശ്രീ. തേറമ്പിൽ രാമകൃഷ്ണനായിരുന്നു. തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാർ മുഴുവൻ ഒറ്റക്കെട്ടായി ഈ ആവശ്യം ഉന്നയിക്കുകയും യാഥാർത്ഥ്യമാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുകയും ചെയ്തിരുന്നു. പിന്നീട് മന്ത്രിയായി വന്ന ബഹുമാനപ്പെട്ട കടവൂർ ശിവദാസനും മെഡിക്കൽ കോളേജിൽ വന്ന് യോഗം ചേർന്ന് 2004-ൽത്തന്നെ എത്രയും പെട്ടെന്ന് അങ്ങോട്ട് മാറ്റുന്നതാണെന്ന് സൂചിപ്പിക്കുകയുമുണ്ടായി. ഇപ്പോൾ 2005 ജനുവരി കഴിഞ്ഞു, ഇന്ന് ഫെബ്രുവരി ഒന്നാണ്. ഇതുവരെ ഷിഫ്റ്റിങ് യാഥാർത്ഥ്യമായിട്ടില്ല. നിരവധി കടമ്പകളും പ്രയാസങ്ങളും ഉണ്ടെന്നു യാഥാർത്ഥ്യം മറക്കുന്നില്ല. അതിന്റെ സെൻട്രലൈസ്ഡ് ശീതികരണം, പ്രത്യേകിച്ച് ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള ഭാഗങ്ങൾ ഒരുമിച്ചു ശീതികരിക്കുന്നകാര്യം, നിരവധി ഇൻസ്ട്രുമെന്റ്സ് വാങ്ങുന്ന കാര്യം, ഇലക്ട്രിസിറ്റിയുടേയും വെള്ളത്തിന്റേയും കാര്യം, അനുബന്ധമായ റോഡുകളുടേയും കാര്യം ഇൻസിനറേറ്ററിന്റെ കാര്യം തുടങ്ങി നിരവധി പണച്ചെലവുള്ള ആവശ്യങ്ങളുണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ മറക്കുന്നില്ല. എന്നാലും എല്ലാ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനവും ജനങ്ങൾ മുഴുവനും ആഗ്രഹിച്ച കാര്യവും ടൗണിൽ നിന്നും ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റണമെന്നാണ്. അവിടെ നിലവിലുള്ള പല സംവിധാനങ്ങളും അപ്പോൾ മാറുന്നില്ല എന്ന് അങ്ങേയ്ക്കറിയാം. ഇപ്പോൾ അത് ഡിസ്ട്രിക്ട് ഹോസ്പിറ്റലായി പ്രവർത്തിക്കുകയാണ്. അതുകൊണ്ട് ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ആശുപത്രി മുളങ്കുന്നത്തുകാവിൽ തുടങ്ങേണ്ട ആവശ്യം എത്രയോ വർഷങ്ങളായി പറയുന്നതാണ്. എന്നിട്ടും ഇത് യാഥാർത്ഥ്യമാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ വർഷം ഫെബ്രുവരിയിൽത്തന്നെ മുളങ്കുന്നത്തുകാവിലേയ്ക്ക് തൃശ്ശൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന മെഡിക്കൽ കോളേജ് ഷിഫ്റ്റ് ചെയ്യുന്നതിന് നടപടി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, 400 കിടക്കകളുള്ള മുളങ്കുന്നത്തുകാവ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. കേന്ദ്രീകൃത ശീതീകരണ സംവിധാനം പൂർത്തിയാകുവാനുണ്ട്. കൂടാതെ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ നിർമ്മാണം നടന്നു വരുന്നു. ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് ബ്ലൂസ്റ്റാർ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ കൂടിശ്ശിക കരാർ തുക നൽകാത്തതിനാൽ ടി കമ്പനി നിർമ്മാണ പ്രവർത്തനം നിറുത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ബില്ലിന്റെ സീനിയോറിറ്റി അടിസ്ഥാനത്തിലാണ് പണം കരാറുകാർക്ക് നൽകിയിട്ടുള്ളത്. 31-12-2003 വരെയുള്ള ബില്ലുകളുടെ തുക ഇതുവരെ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഈ കാരണം കൊണ്ടാണ് പ്രധാനമായും ആശുപത്രിയുടെ മാറ്റം അനിശ്ചിതമായി തുടരുന്നത്. ആശുപത്രിക്ക് ആവശ്യമായ കിടക്കകളും കട്ടിലുകളും വാങ്ങിക്കഴിഞ്ഞു. പുതിയതായി ആവശ്യമുള്ള യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കരാറുകാർക്ക് കുടിശ്ശിക തുക എത്രയും പെട്ടെന്ന് നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്. പുതിയതായി നിർമ്മിച്ച ആശുപത്രിയിലേയ്ക്ക് മതിയായ വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഏകദേശം 10 ലക്ഷം ലിറ്റർ വെള്ളം വേണ്ട സ്ഥാനത്ത് ഇപ്പോൾ 3 ലക്ഷം ലിറ്റർ വെള്ളമാണ് കിട്ടുന്നത്. 10 ലക്ഷം ലിറ്റർ വെള്ളം നൽകുവാനുള്ള വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മണ്ട് കുഴൽക്കിണറുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. രണ്ടെണ്ണം കൂടി സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കേരള റൂറൽ വാട്ടർ അതോറിറ്റിയുടേയും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റേയും സഹായത്തോടെ മഴ വെള്ളം സംഭരിച്ച് ആശുപത്രിയുടെ ഉപയോഗത്തിനുവേണ്ട വെള്ളം ലഭ്യമാക്കുന്നതിനുള്ള റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പോണ്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് ഏകദേശം മഴക്കാലത്തിന് മുമ്പായി കമ്മീഷൻ ചെയ്യാൻ സാധിക്കും. ഈ വർഷംതന്നെ കഴിയുന്നത്ര വേഗത്തിൽ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നതിന് സാധിക്കും.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയ്ക്കും വേണ്ടി പറയാം. കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്തിട്ട്, ലക്ഷങ്ങളുടെ കുറവുകൊണ്ട് അതിന്റെ പ്രയോജനം ലഭിക്കാത്ത ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത്, പ്രത്യേകിച്ച് ആതുര ശുശ്രൂഷ രംഗത്തുണ്ടാകുന്നത് വളരെ കഷ്ടമായ ഒരു കാര്യമാണ്. ഇത് ഞാൻ എം.എൽ.എ. ആയിരിക്കുമ്പോൾ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ചർച്ചകൾ വളരെയേറെയായി. അതുകൊണ്ട് ഈ കമ്പനികളുമായി നേരിട്ട് ബന്ധപ്പെട്ട് സമ്മർദ്ദം ചെലുത്തി ഏത് വിധത്തിലെങ്കിലും ഈ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് പലതിലും കാണിക്കുന്ന സ്പീഡ് ഇക്കാര്യത്തിലും കാണിക്കണം. ഇക്കാര്യത്തിൽ ചെയറിന്റെ വ്യക്തവും ശക്തവുമായ അഭിപ്രായം പ്രകടിപ്പിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും അനുകൂലിക്കുന്നു. എത്രയുംവേഗം ഇത് സംബന്ധിച്ച തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കാം. അതിന്റെ എയർ കണ്ടീഷനിങ്ങുമായി ബന്ധപ്പെട്ട് സാങ്കേതികമായ ചില പ്രശ്നങ്ങൾ ഇടയ്ക്ക് വന്നതാണ് ഇതിനൊരു തടസ്സം വന്നത്. അല്ലെങ്കിൽ ജനുവരി ഒന്നുമുതൽ തന്നെ അങ്ങോട്ട് മാറ്റണമെന്നാണ് ആഗ്രഹിച്ചത്. എത്രയും വേഗം ഇതിന് പരിഹാരം ഉണ്ടാക്കും.

(3) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പ്രവൃത്തി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, 1999-ൽ ആരംഭിച്ച പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജാണ് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്. 750 വിദ്യാർത്ഥികളാണ് അവിടെ പരിമിതമായ സൗകര്യങ്ങളിൽ പഠനം നടത്തുന്നത്. 32.6 ഏക്കറിലധികം ഭൂമി സ്വന്തമായിട്ടുള്ള കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. മരാമത്ത് വകുപ്പ് നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിക്കുന്നത്. എം.എൽ.എ. ഫണ്ടും, എം.പി. ഫണ്ടും, പി.ടി.എ. ഫണ്ടും ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം മാത്രമാണ് അവിടെ നടക്കുന്നത്. 2003-04, 2004-05 വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രധാന കെട്ടിടത്തിന് തുക അനുവദിച്ചു എങ്കിലും ഓരോ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അവിടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. സോയിൽ ടെസ്റ്റിന്റെ പേരുപറഞ്ഞു ഒരു വർഷക്കാലമാണ് പ്രവൃത്തി നീട്ടിക്കൊണ്ടുപോയത്. ഏറ്റവും വലിയ അനാസ്ഥയാണ് ഇതിനോട് കാണിക്കുന്നത്. 2003-04 വർഷത്തിൽ ആവശ്യമായ തുക ഉണ്ടായിരുന്നിട്ടും പി.ഡബ്ല്യു.ഡി.-യുടെ താൽപ്പര്യക്കുറവു കാരണമാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ പോയത്. 2004-05 വർഷത്തിലെ തുക പോരാ എന്നു പറഞ്ഞ് പണി തുടങ്ങാതിരിക്കുകയാണ്. 2004-05 വർഷത്തെ ബഡ്ജറ്റിൽ 123.63 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി 20 ശതമാനമായ 190 ലക്ഷത്തിന് 66.3 ലക്ഷം രൂപ കുറവു വന്നതുകൊണ്ട് പ്രവൃത്തി ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കുറവ് വന്ന 66.37 ലക്ഷം രൂപ 2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാമെന്നിരിക്കേ പ്രസ്തുത പ്രവൃത്തി തുടങ്ങാത്തത് തികച്ചും അപലപനീയമാണ്. കോളേജിന് പ്രധാന കെട്ടിടം ഇപ്പോൾ ഇല്ലെന്ന ഒറ്റ കാരണത്താൽ AICTE-യുടെ അംഗീകാരം 2004 വർഷം നഷ്ടപ്പെട്ട അവസ്ഥ ഉണ്ടായി. പ്രധാന കെട്ടിടം കെട്ടുന്നതിനാവശ്യമായി വരുന്ന ഫണ്ട് 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് അധികൃതർ AICTE-യെ അറിയിച്ചിട്ടുണ്ട്. 8-7-2004-ന് ഞാൻ ഇവിടെ നൽകിയ സബ്മിഷന് മറുപടിയായി അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി രേഖാമൂലം നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ളതാണെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ തുക ഇല്ലെന്നു പറഞ്ഞുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാത്തത്. ആയതിനാൽ ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി അടിയന്തിരമായി ഇടപെട്ട് ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പ്രവൃത്തി തുടങ്ങാൻ ബന്ധപ്പെട്ട മരാമത്തു വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന് കാലതാമസമുണ്ടായാൽ പ്രധാന കെട്ടിടം ഇല്ലെന്ന ഒറ്റ കാരണം പറഞ്ഞ് ഈ കോളേജിന് AICTE-യുടെ അംഗീകാരം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. 29-ാം തീയതി AICTE-യുടെ ഉത്തരവാദപ്പെട്ടവർ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് പരിശോധന നടത്തി അസംതൃപ്തി രേഖപ്പെടുത്തി. 750 കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകാൻ ഇടയാകുമെന്നതുകൊണ്ടും അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് ഏൽക്കേണ്ടിവരുമെന്നതുകൊണ്ടും അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് 950 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിക്കുന്നതിനുവേണ്ടി 19-12-2004-ൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്നുള്ള നിലയിൽ കൂടുതൽ താൽപ്പര്യം എടുക്കുകയും അതിനുവേണ്ടി പ്രത്യേക യോഗം വിളിക്കുകയുമൊക്കെ ചെയ്തത് ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടാകും. യഥാർത്ഥത്തിൽ ഇതിന്റെ പേരന്റ് ഡിപ്പാർട്ട്മെന്റ് എഡ്യൂക്കേഷനാണ്. എഡ്യൂക്കേഷൻ വകുപ്പാണ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകേണ്ടത്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും അതുപോലെ മറ്റ് സ്പെഷ്യൽ സാങ്ഷനും വരുന്ന സമയത്ത് ധനകാര്യ വകുപ്പിന്റെയും സമ്മതം ആവശ്യമാണ്. ഫോർമാലിറ്റീസ് കഴിയാൻ വേണ്ടിയുള്ള കാലതാമസമാണ് ഇതിലുണ്ടായിട്ടുള്ളത്. ഏതായാലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഒരു സംയുക്തയോഗം എത്രയും പെട്ടന്ന് വിളിച്ച് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) കൊച്ചി പ്രദേശത്തെ ഗതാഗത-കുടിവെള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിവിധ അടിസ്ഥാന പ്രശ്നങ്ങൾ

ശ്രീ. കെ. ബാബു: സർ, വല്ലാർപാടം ട്രാൻഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, പ്രത്യേക സാമ്പത്തിക സോണുകൾ, നിർദ്ദിഷ്ട സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികൾ കൊച്ചി പ്രദേശത്ത് വരുന്നതോടുകൂടി കൊച്ചിയുടെ അടിസ്ഥാന പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുകയാണ്. ഗതാഗത കുരുക്ക് കൊച്ചി നഗരത്തിന്റെ ശാപമാണ്. മരാമത്ത് വകുപ്പിന്റെ കണക്കനുസരിച്ച് അമ്പതിനായിരം പാസഞ്ചർ കാർ യൂണിറ്റിന് നാല് നിരപാതയും എഴുപതിനായിരത്തിന് എട്ടു നിര പാതയും ഒരു ലക്ഷത്തിന് പന്ത്രണ്ട് നിരപാതയുമാണ് വേണ്ടത്. കൊച്ചി നഗരത്തിൽ ഇപ്പോൾ ഒരു ലക്ഷം പാസഞ്ചർ കാർ യൂണിറ്റാണെന്നാണ് അതിന്റെ സെൻസസ് തെളിയിക്കുന്നത്. കൊച്ചി നഗരത്തിന് ആവശ്യമുള്ളതിന്റെ 50 ശതമാനം വെള്ളം പോലും ഇപ്പോൾ വിതരണം ചെയ്യുന്നില്ല. അതുപോലെ ഗാർബേജ് ഡിസ്പോസൽ നടക്കുന്നില്ല. സീവറേജ് സൗകര്യം വളരെ കുറവാണ്. ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ഉന്നതതല യോഗം വിളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിയെ മെട്രോപോളിറ്റൻ അതോറിറ്റിയായി ഉയർത്താൻ സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കൊച്ചിയുടെ അടിസ്ഥാന പ്രശ്നങ്ങൾ വളരെ ഗൗരവമായി വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലും എൽ.എൻ.ജി. ടെർമിനലും പ്രത്യേക സാമ്പത്തിക സോണുകളും അതു പോലെതന്നെ ഇന്ന് കൊച്ചിയിൽ വരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന മറ്റ് പല പ്രോജക്ടുകളും വരുന്നതോടുകൂടി കൊച്ചി പ്രദേശത്തുണ്ടാകുന്ന ഗതാഗത കുടിവെള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന പ്രശ്നങ്ങൾ വളരെ വേഗത്തിൽ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. കൊച്ചി നഗരത്തിന്റെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, ഗതാഗത സൗകര്യം വർദ്ധിപ്പിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി എ.ഡി.ബി. സഹായത്തോടെ 305.4 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. അതുപോലെ ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് ഏജൻസിയുടെ മാതൃകയിൽ കൊച്ചി നഗരത്തിന്റെ വികസനത്തിനായി ഒരു ഏജൻസി ഉടനെതന്നെ രൂപീകരിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കും. അവിടെ കുടിവെള്ളമാണ് ഏറ്റവും വലിയ പ്രശ്നം. 2001-ലെ ശുദ്ധജലത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഒരു പ്രോജക്ടിന് രൂപം കൊടുക്കും. 510 എം.എൽ.ഡി. ജലമായിരിക്കും വേണ്ടി വരുന്നത്. ഇപ്പോൾ 190 എം.എൽ.ഡി. ജലമാണുള്ളത്. നിലവിലുള്ള ഹഡ്കോ പദ്ധതി പൂർത്തിയാകുമ്പോൾ 35 എം.എൽ.ഡി. ശുദ്ധജലം കൂടി കിട്ടും. അവശേഷിക്കുന്ന 285 എം.എൽ.ഡി. ശുദ്ധജലത്തിന് വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതിക്കാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. 676 കോടി രൂപയാണ് ഇതിന് മതിപ്പ് ചെലവ് വരുന്നത്. ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് ഒരു കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയുംവേഗം അത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി കൊച്ചിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഓരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ പുനരാരംഭം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: എന്റെ മണ്ഡലത്തിൽ മൂന്ന് ഭാഗം പുഴയും ഒരു ഭാഗം കടൽ അതിർത്തിയുമായിട്ടുള്ള വലിയപറമ്പ പഞ്ചായത്തിലേക്കുള്ള അനുമതി ലഭിച്ച ഓരിക്കടവ് പാലത്തിന്റെ പണി കഴിഞ്ഞ ഏഴ് വർഷമായി നടത്തിയിട്ടും ഇതുവരെ പൂർത്തിയായിട്ടില്ല. രണ്ട് തൂണുകളിൽ മാത്രമായി ഇതിന്റെ പണി നിലച്ചിപ്പോൾ ഒതുങ്ങി നിൽക്കുകയാണ്. 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മറുകരയുമായി ബന്ധപ്പെടാൻ മറ്റ് മാർഗ്ഗങ്ങളില്ല. സുനാമി ഭീഷണിയുണ്ടായ ദിവസങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഈ ദ്വീപിലെ ജനങ്ങൾ കടുത്ത പരിഭ്രാന്തിയിലായിരുന്നു. സാങ്കേതിക കാരണങ്ങളിൽപ്പെട്ട് ഈ പാലത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ നേരിട്ട് വന്ന് കണ്ട് ബോദ്ധ്യപ്പെട്ടതാണ്. വളരെ പെട്ടെന്നുതന്നെ ഇടപെട്ട് ഈ പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): കാസർകോട് ജില്ലയിലെ ഓരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ എഗ്രിമെന്റ് പ്രകാരം 11-6-2002-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. പണി പൂർത്തിയാകാത്തത് കാരണം 31-5-2004 വരെ സമയം ദീർഘിപ്പിച്ചു കൊടുത്തുവെങ്കിലും കരാറുകാർക്ക് പണി പൂർത്തിയാക്കാൻ സാധിച്ചില്ല. അതിനാൽ കരാർ റദ്ദാക്കുകയും പാലത്തിന്റെ പണി ലിമിറ്റഡ് ടെൻഡർ പ്രകാരം നടത്താൻ തീരുമാനിക്കുകയുമുണ്ടായി. നാല് അപേക്ഷകരിലെ ഒരു കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ച് ഹർജി ഫയൽ ചെയ്തതു കാരണം വീണ്ടും പ്രവൃത്തിയുമായി മുന്നോട്ടുപോകാനായില്ല. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ഓരിക്കടവ് പാലത്തിന്റെ പണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വീണ്ടും മുടങ്ങി. എന്നാൽ പൊതുജനങ്ങളിൽ നിന്നുയർന്ന സമ്മർദ്ദം കാരണവും ബഹുമാനപ്പെട്ട ജനപ്രതിനിധി ശ്രീ. സതീശ് ചന്ദ്രൻ അടക്കമുള്ളവരുടെ നിവേദനങ്ങളുടെയും മറ്റും അടിസ്ഥാനത്തിലും വീണ്ടു ഓപ്പൺ ടെൻഡർ സിസ്റ്റം അവലംബിച്ച് പാലത്തിന്റെ പണി പുനരാരംഭിക്കാൻ തീരുമാനിച്ചതുപ്രകാരം ടെൻഡർ ചെയ്യാൻ 29-1-2005-ൽ അനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി രണ്ടാം വാരത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(6) മലയോര ഹൈവേയിൽ നിന്നും തിരുവമ്പാടി ഉൾപ്പെടെയുള്ള കോഴിക്കോട് ജില്ലയെ ഒഴിവാക്കിയത് സംബന്ധിച്ച്

ശ്രീ. സി. മോയിൻകുട്ടി: ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളിൽ ഒന്നാണ് മലയോര ഹൈവേ. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ള മലയോര ഹൈവേയുടെ ലിസ്റ്റിൽ കോഴിക്കോട് ജില്ല ഉൾപ്പെട്ട മലയോര കുടിയേറ്റ മേഖലയായ തിരുവമ്പാടി ഉൾപ്പെടുത്തിയിട്ടില്ല. തീർച്ചയായിട്ടും ഇത് ആശങ്ക ഉളവാക്കിയിരിക്കുകയാണ്. വികസന മന്ദ്യവും അതുപോലെ യാത്രാദുരിതവും അനുഭവിക്കുന്ന ഇത്തരമൊരു മേഖലയ്ക്ക് അടിയന്തിരമായ പരിഗണന നൽകേണ്ടതാണ്. പക്ഷേ, എന്താണെന്നറിയില്ല ആ ലിസ്റ്റിൽ ഇത് വന്നിട്ടില്ല; പി.ആർ.ഡി. പ്രസിദ്ധീകരിച്ച മാപ്പിൽ ഇത് വന്നിട്ടില്ല. അതുപോലെതന്നെ സർക്കാരിന്റെ വാർത്തകളിലും ഇത് വന്നിട്ടില്ല. ഇത് എങ്ങനെയാണ് സംഭവിച്ചതെന്ന് അറിയില്ല. ഒന്നാം ഘട്ടത്തിൽത്തന്നെ ഇത് പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട് ജില്ലയെ, പ്രത്യേകിച്ച് മലയോര കുടിയേറ്റ മേഖലയായ തിരുവമ്പാടി മണ്ഡലം തീർച്ചയായിട്ടും ഇതിൽ ഉൾപ്പെടുത്തണം. ഇത് ഒന്നാം ഘട്ടത്തിൽത്തന്നെ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇത് എങ്ങനെ സംഭവിച്ചു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. ഇത് തിരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറഞ്ഞിരുന്നു. ആധികാരികമായിട്ടുള്ള പ്രഖ്യാപനം ഈ രംഗത്ത് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ പ്രഖ്യാപിത നയമായിട്ടുള്ള മലയോര ഹൈവേയിൽ തിരുവമ്പാടി മണ്ഡലം ഉൾപ്പെടെയുള്ള കോഴിക്കോട് ജില്ല ഉൾപ്പെടുത്തണം. തീർച്ചയായിട്ടും ഇത് കോഴിക്കോട് ജില്ലയുടെ വികാരമാണ്. ഇതിന് വ്യക്തമായിട്ടുള്ള, ആധികാരികമായിട്ടുള്ള പ്രഖ്യാപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): ഇവിടെ പറഞ്ഞതുപോലെ തന്നെ കാസർകോഡ് മുതൽ പാലക്കാട് വരെയുണ്ട്. നിർദ്ദിഷ്ട മലയോര ഹൈവേയുടെ റൂട്ട് സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള റൂട്ട് ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷേ, അതിൽ കോഴിക്കോട് ജില്ലയെ ഒഴിവാക്കിയിട്ടില്ല. കോഴിക്കോട് ജില്ലയ്ക്ക് ലൂപ്പ് റോഡ് നൽകിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ലൂപ്പ് റോഡ് മാത്രമാണ് അവിടെ സാദ്ധ്യമാകുന്നത്. ലൂപ്പ് റോഡ് വരുമ്പോൾ കോഴിക്കോട് ജില്ലയിലെ വിളങ്ങാട്, കല്ലാച്ചി, കടിയങ്ങാട്, തലയാട്, കോഴഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കൂമ്പാറ, കക്കാടംപൊയിൽ, വെളിയംതോട് എന്നീ ഭാഗങ്ങളിൽക്കൂടി കടന്ന് മലപ്പുറം ജില്ലയിലെ പാലുണ്ടിയിൽ വന്നുചേരുന്നതാണ്. അതുകൊണ്ട് ആശങ്കയുടെ ആവശ്യമില്ല. കോഴിക്കോട് ജില്ലയെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പി.ആർ.ഡി.-യിൽ പഴയ മാപ്പ് കൊടുത്തതുകൊണ്ടാണ് പ്രശ്നം വന്നത്. പുതിയ മാപ്പോടുകൂടിയുള്ള ലിസ്റ്റ് വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്.

(7) കർഷകത്തൊഴിലാളി പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരളത്തിൽ ഏറ്റവും പിന്നണിയിൽ കിടക്കുന്ന ഒരു ജനവിഭാഗമായ കർഷകത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ കഴിഞ്ഞ 26 മാസത്തിലധികമായി കുടിശ്ശികയാണ്. ഇത് ആ പാവപ്പെട്ട ജനവിഭാഗങ്ങളോട് കാണിക്കുന്ന ക്രൂരതയാണ്. ഈ ആളുകൾക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന 120 രൂപ കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള വിവിധ സംഘടനകൾ ആവശ്യപ്പെട്ടപ്രകാരം 250 രൂപയായി വർദ്ധിപ്പിക്കണമെന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. മാസാമാസം സ്റ്റാറ്റ്യൂട്ടറിയായി പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രതീക്ഷയാകുന്ന ഈ പൈസ കൊടുക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയിൽ ലക്ഷക്കണക്കിന് ആളുകളെ ഉൾപ്പെടുത്തി അവരുടെ വിഹിതമായ 2 രൂപ 5 രൂപയായി വർദ്ധിപ്പിച്ച് വാങ്ങിക്കൊണ്ടിരിക്കുകയാണ്. അവരുടെ ആനുകൂല്യങ്ങൾ 1998 മുതൽ കൊടുക്കാൻ ബാക്കിയാണ്. 1,02,716 രൂപ അതിവർഷാനുകൂല്യം കൊടുക്കാൻ ബാക്കിയാണ്. 1998 മുതലുള്ളതാണ്. കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കൊടുക്കാൻ ബാക്കിയുള്ളത്. മരണാനന്തര ആനുകൂല്യങ്ങൾ 563 പേർക്ക് കൊടുക്കാനുണ്ട്. അതുപോലെ തന്നെ വിവാഹ ധനസഹായം 5107 പേർക്ക് കൊടുക്കാൻ ബാക്കിയുണ്ട്. 2001 മുതൽ അത് കുടിശ്ശികയാണ്. പ്രസവാനുകൂല്യം 1011 പേർക്ക് കൊടുക്കാനുണ്ട്. അതും 2003 മുതൽ കുടിശ്ശികയായി കിടക്കുകയാണ്. ചികിത്സാ സഹായം 964 പേർക്ക് കൊടുക്കാനുണ്ട്. അതും രണ്ടു വർഷമായിട്ട് കുടിശ്ശികയാണ്. 67,11,26,000 രൂപ കുടിശ്ശികയാണ്. 156,325 പേർക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കിട്ടേണ്ട ക്ഷേമനിധി ആനുകൂല്യം കിട്ടുന്നില്ല. അതുപോലെതന്നെ പാവപ്പെട്ടവർക്ക് കിട്ടിക്കൊണ്ടിരുന്ന പെൻഷനും കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഈ ഗവൺമെന്റ് പിന്നോക്ക ജനവിഭാഗങ്ങളോടൊപ്പം

ചേർന്നുനിൽക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലേയും ചൂണ്ടിക്കാണിച്ചിട്ട് അവരോടൊപ്പം ചേരുന്നില്ല എന്നുമാത്രമല്ല അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളൊന്നും കൊടുക്കാതിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. 5,66,000 കർഷകത്തൊഴിലാളികൾക്കാണ് ഇപ്പോൾ പെൻഷൻ കൊടുക്കുന്നത്. ഒരു വർഷം അവർക്ക് പെൻഷൻ കൊടുക്കുന്നതിനു വേണ്ടി മാത്രം 80 കോടി രൂപ ആവശ്യമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 44 കോടി രൂപ വകകൊള്ളിച്ചിരുന്നെങ്കിലും അഡീഷണലായി അനുവദിച്ച 64 കോടി രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ഇനി 27 മാസത്തെ കുടിശ്ശികയില്ല; 24 മാസത്തെ കുടിശ്ശികയാണുള്ളത്. അതിൽ രണ്ട് മാസത്തെ കുടിശ്ശിക ഈ മാസം കൊടുക്കും. 22 മാസത്തെ കുടിശ്ശിക വീണ്ടും വരും. മറ്റ് ക്ഷേമനിധികളുടെ ആനുകൂല്യങ്ങളുടെ കാര്യത്തിലും അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വളരെ പ്രസക്തമാണ്. അതിൽ അതിവർഷാനുകൂല്യം കൊടുക്കുന്നതിന് ഒരു വർഷം ഏഴരക്കോടി രൂപ വേണം. വിവാഹ ധനസഹായം കൊടുക്കുന്നതിന് രണ്ടര കോടി രൂപ വേണം. മരണാനന്തര ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും എല്ലാം കൂടി നൽകുന്നതിന് ഒരു കോടി രൂപ വേണം. അങ്ങനെ ഒരു വർഷത്തെ ആനുകൂല്യങ്ങൾക്ക് 11 കോടി രൂപ വേണ്ടിവരുമ്പോൾ ആ ക്ഷേമനിധിയിലേയ്ക്കുള്ള വരവ് ഒരോ വർഷവും അതിന്റെ പകുതി പോലും എത്തുന്നില്ല. തൊഴിലാളികളുടെ വിഹിതം 2001-02 വർഷത്തിൽ 3,07,00,000 രൂപ വന്നപ്പോൾ 2002-03-ൽ 3,82,00,000 രൂപ വന്നു. 2003-04-ൽ ഇതു രണ്ടുംകൂടി 6 കോടി രൂപയായി. കർഷകരുടെ വിഹിതം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷം അതിനു മുമ്പിലത്തെ വർഷത്തെക്കാൾ ഇരട്ടി പിരിച്ചെടുക്കാൻ കഴിഞ്ഞു. എന്നിട്ടും 6 കോടി രൂപയിൽ താഴെയാണ് ഈ ക്ഷേമനിധിയിലേക്ക് ഒരു വർഷം വരുന്നത്. ആനുകൂല്യങ്ങൾ കൊടുക്കാൻ 11 കോടി രൂപ വേണം. ഈ ഒരു പൊരുത്തക്കേടാണ് ഇത് കൊടുത്തു തീർക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ എത്തിച്ചിരിക്കുന്നത്. കർഷകരുടെ വിഹിതം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. അതിന് കർഷകരുടെ സംഘടനകൾ വളരെ ശക്തമായി എതിർക്കുന്നു. ഇപ്പോഴത്തെ കാർഷിക മേഖലയിലെ സ്ഥിതിഗതികൾ വച്ചുകൊണ്ട് കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും കാര്യങ്ങളുമൊക്കെയായി കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇത് വർദ്ധിപ്പിക്കാൻ കഴിയില്ല എന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്. നമ്മൾ 5 രൂപ വിതം കർഷകത്തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിച്ചു. അതുകൊണ്ടാണ് ഇത്രയെങ്കിലും ആയത്. പിന്നെ അതിവർഷാനുകൂല്യ കുടിശ്ശിക കൊടുത്തു തീർക്കാൻവേണ്ടി മാത്രം 64 കോടി രൂപ വേണം. അതൊഴിച്ച് ബാക്കിയുള്ള ആനുകൂല്യങ്ങൾ എല്ലാം കറണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. വിവാഹ ധനസഹായ കുടിശ്ശിക 6 കോടി രൂപ ഉണ്ട്. ബാക്കിയെല്ലാം കറണ്ടാക്കിയിട്ടുണ്ട്. പ്രസവാനുകൂല്യവും ചികിത്സാ സൗകര്യവും വിദ്യാഭ്യാസ ആനുകൂല്യങ്ങളുമെല്ലാം ഈ വർഷം കറണ്ടാക്കി. അതിവർഷാനുകൂല്യം 64 കോടി രൂപ എവിടുന്നു കണ്ടെത്തിയാണ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുക എന്നത് ഏറ്റവും പ്രശ്നമായിട്ടുള്ള കാര്യമാണ്. തീർച്ചയായിട്ടും ഗവൺമെന്റിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതിന് അനുസരിച്ച് ഇക്കാര്യത്തിൽ കൂടുതൽ അതിവർഷ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ എടുക്കാം.

മി. സ്പീക്കർ: സീറോ അവറിൽ ഒന്നുരണ്ട് ബഹുമാന്യ വ്യക്തികൾക്ക് ചില കാര്യങ്ങൾ ഉന്നയിക്കാൻ അവസരം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. വ്യക്തിപരമായ കാരണങ്ങളാൽ അത് നാളേയ്ക്ക് വയ്ക്കാം. please co-operate..... ചെയറിന്റെ ഒരു പ്രശ്നമുണ്ട്. അത് നാളേയ്ക്ക് വയ്ക്കാം.

V. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ 20-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്ജ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 20-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, 7 ബില്ലുകൾ ഫെബ്രുവരി മൂന്നാം തീയതി പരിഗണനയ്ക്ക് വരികയാണ്. അതിൽ ഒരു ബില്ലായ കേരള പഞ്ചായത്തീരാജ് (രണ്ടാം ഭേദഗതി) ബിൽ ഇതുവരെ ഞങ്ങൾക്ക് കിട്ടിയിട്ടില്ല. കോപ്പി പബ്ലീഷ് ചെയ്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരള നിയമസഭയുടെ ചരിത്രത്തിൽ 7 ബില്ലുകൾ ഒരു ദിവസം പരിഗണനയ്ക്ക് വന്ന ഒരു അനുഭവം ഇതുവരെ ഉണ്ടായിട്ടില്ല. ബില്ലുകളുടെ ചർച്ചയ്ക്ക് അംഗങ്ങൾക്ക് മതിയായ സമയം വേണം എന്നുള്ള ഒരു പ്രശ്നമുണ്ട്. അതുകൊണ്ട് അതു കൂടി പരിഗണിക്കണം. ഇതിപ്പോൾ ബി.എ.സി. കൂടി ഒരു ഷെഡ്യൂൾ തയ്യാറാക്കിയതുകൊണ്ട് ഞാൻ അതിന് ഒരു അമെന്റ് മെന്റിന് നീങ്ങുന്നല്ല. പക്ഷേ പഞ്ചായത്തിരാജ് (രണ്ടാം ഭേദഗതി) ബിൽ യഥാർത്ഥത്തിൽ അംഗങ്ങൾക്ക് നൽകുക പോലും ചെയ്തിട്ടില്ല. അത് ഗൗരവമായ പരിഗണന അർഹിക്കുന്ന ഒരു വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly